കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. കെ.എ. രാജു വർഗ്ഗീസിന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.854/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 27.03.2018

==========

പരാമർശം: 1. സ.ഉ.(സാധാ) നം.26/2018/തസ്വഭവ തീയതി 03.01.2018

2. പഞ്ചായത്ത് ഡയറക്ടറുടെ 09.02.2018-ലെ ഇ 11-5083/2018 നമ്പർ കത്ത്

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.360/2018 കേസിന്മേലുള്ള 26.03.2018-ലെ ഉത്തരവ്

ഉത്തരവ്

പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി വ്യവഹാരങ്ങളെത്തുടർന്ന് ദീർഘകാലം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ) കൂടുന്നതിനോ ഉന്നത തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനോ സാധിച്ചിരുന്നില്ല. എന്നാൽ ബഹു. സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് സീനിയോറിറ്റി പട്ടികകൾ പുതുക്കി തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം 3 പേർക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരായും, 15 പേർക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരായും സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതുമാണ്. പഞ്ചായത്ത് വകുപ്പിൽ ആകെയുള്ള 17 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ 14-ഉം 5 ജോയിന്റ് ഡയറക്ടർ തസ്തികകളിൽ 3-ഉം ഒഴിഞ്ഞു കിടക്കുകയാണെന്നും നിലവിൽ ഒഴിഞ്ഞു കിടക്കുന്ന ടി തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തി തുടർനടപടികൾ സ്വീകരിച്ചാൽ മാത്രമേ വകുപ്പിലെ ജില്ലാതല മേലധികാരികളുടെ അഭാവം മൂലമുള്ള ഭരണപ്രതിസന്ധി പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കുകയുള്ളൂയെന്നതിനാൽ ഒഴിവുള്ള ഉന്നത തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരിൽ ഏറ്റവും സീനിയറും 31.03.2018-ൽ സർവ്വീസിൽ നിന്നും വിരമിയ്ക്കുന്നയാളുമായ ശ്രീ. കെ.എ. രാജു വർഗ്ഗീസ് തനിയ്ക്ക് പ്രൊമോഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 360/2018-ന്മേൽ ബഹു. ട്രൈബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകൻ 31.03.2018-ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ താൽക്കാലിക പ്രൊമോഷൻ നൽകുന്ന വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിൽ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കിയാൽ മാത്രമേ റഗുലർ പ്രൊമോഷന് പരിഗണിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ പരാമർശം (1) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ആയി പ്രൊമോഷൻ ലഭിച്ച ശ്രീ. രാജു വർഗ്ഗീസ് ടി തസ്തികയിൽ 6 മാസത്തെ പ്രൊബേഷൻ കാലയളവ്

പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇത് ഒരു പ്രത്യേക കേസായി കണക്കാക്കി താൽക്കാലിക പ്രൊമോഷൻ നടത്തുന്നതിനുള്ള വിലക്കിൽ ഇളവ് വരുത്തി കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 31(a)(i) പ്രകാരം ശ്രീ. കെ.എ. രാജു വർഗ്ഗീസിന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽ താൽക്കാലിക പ്രൊമോഷൻ നൽകി ചീഫ് രജിസ്ട്രാർ (ജനന-മരണ വിഭാഗം) ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്. മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ.എ. രാജു വർഗ്ഗീസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ